സംസ്ഥാനങ്ങളിലെ സമാനമായ ബില്ലിന്റെ പകർപ്പുകൾ നൽകുകയുണ്ടായി. Select Committee-യുടെ അടുത്ത യോഗം 26-4-2005-ന് രാവിലെ പത്തുമണിക്ക് തിരുവനന്തപുരത്തുവച്ച് ചേരുന്നതാണ്.

മി. സ്പീക്കർ : ഇതിൽ ചെറിയ ഒരു പ്രശ്നം കൂടിയുണ്ട്. Rule 225 അനുസരിച്ച് Select Committee-അംഗങ്ങളെ അസംബ്ളി ആണ് Select ചെയ്യേണ്ടത്. നിലവിലുള്ള കമ്മിറ്റി മൂന്നു കൊല്ലം മുമ്പ് രൂപീകരിച്ചതാണ്. ഈ കമ്മിറ്റിയിലെ ചിലരൊക്കെ മന്ത്രിമാരായി, ചെയർമാൻ തന്നെ മാറേണ്ട സ്ഥിതിയുണ്ടായി. അതുകൊണ്ട് എനിക്ക് തോന്നുന്നത് കമ്മിറ്റിയിൽതന്നെ ചില്ലറ മാറ്റങ്ങൾ വേണ്ടിവരും എന്നാണ്. അതുകൊണ്ട് I will look into the matter. അതിനുവേണ്ട നടപടിക്രമങ്ങൾ ചെയ്യാവുന്നതാണ്.

VI. മേശപ്പുറത്തുവച്ച കടലാസുകൾ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 2003-2004-ലെ വാർഷിക ഭരണ റിപ്പോർട്ടും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റുമെന്റും ഊർജ്ജവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സർ, 2005 ജനുവരി 10-ാം തീയതിയിലെ നോട്ടിഫിക്കേഷൻ ജി.ഒ. (പി) നമ്പർ 7/05/എഫ് & ഡബ്ളൂ.എൽ.ഡി (എസ്.ആർ.ഒ. നമ്പർ 119/2005) ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

VII. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശകസമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ 24-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. തോമസ് ചാഴികാടൻ : ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 13-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly